"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- അങ്കണവാടി സർവീസസ്- മങ്കട ഐ സി ഡി എസ് പ്രൊജക്റ്റിലെ അങ്കണവാടി വർക്കർ ശ്രീമതി. രാധാമണി കെ-യ്ക്ക് ഹിസ്റ്ററക്ടമിയോടനുബന്ധിച്ച് ഓണറേറിയത്തോടുകൂടിയ പ്രത്യേക അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.18/2026/WCDD തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-
1. ശ്രീമതി. രാധാമണി കെ, അങ്കണവാടി വർക്കർ, മങ്കട ഐ സി ഡി എസ്പ്രൊജക്റ്റ് സമർപ്പിച്ച 12/06/2024 ലെ അപേക്ഷ
2. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ 12/12/2024, 16/08/2025 തീയതികളിലെ കത്തുകൾ നം. DWCD/6408/2024-ICDSB7

**ഉത്തരവ്**

മങ്കട ഐ സി ഡി എസ് പ്രൊജക്റ്റ് പരിധിയിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ 43-ാം സെന്റർ അങ്കണവാടിയിലെ വർക്കറായ ശ്രീമതി. രാധാമണി കെ, ഗർഭാശയം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് 11/07/2023 മുതൽ എടുത്ത ഓണറേറിയമില്ലാത്ത അവധി ഓണറേറിയത്തോടുകൂടിയ അവധിയായി ക്രമപ്പെടുത്തി നൽകുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം പരാമർശം (1) പ്രകാരം പ്രസ്തുത വ്യക്തി സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്തുകൊണ്ട് പരാമർശം (2) പ്രകാരം വനിതാശിശുവികസന വകുപ്പ് ഡയറക്ടർ സർക്കാർ മുമ്പാകെ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മങ്കട ഐ സി ഡി എസ് പ്രൊജക്റ്റിലെ കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിലെ സെൻറർ നം. 43 അങ്കണവാടിയിലെ അങ്കണവാടി വർക്കർ ശ്രീമതി. രാധാമണി കെ-യ്ക്ക് ഗർഭാശയം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട്, പ്രസ്തുത വ്യക്തി ഹാജരാക്കിയിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള നിയമാവലിയിൽ ഇളവും

മാനുഷിക പരിഗണനയും നൽകി **12/07/2023** മുതൽ **45** ദിവസത്തെ ഓണറേറിയത്തോടു കൂടിയുള്ള പ്രത്യേക അവധി അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**MANOJ M S**
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. രാധാമണി കെ, അങ്കണവാടി വർക്കർ, മങ്കട ഐ സി ഡി എസ് പ്രൊജക്റ്റ്
(വനിതാശിശുവികസന വകുപ്പ് ഡയറക്ടർ മുഖേന)
ധനകാര്യ വകുപ്പ് **(UO(R)No. WCD-1/239/2025-FIN (E:3296103) dated 12/11/2025** പ്രകാരം)
വെബ്&ന്യൂ മീഡിയ/സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
Date: 13-01-2026 17:03:24